# Weekly Devotion -October 2018

# Crave - for the word of God

# വാഞ്ചിക്കുക - ദൈവവചനത്തിനായി




ഒരിക്കൽ നാല് ബൈബിൾ പണ്ഡിതൻമാർ തമ്മിൽ ഏതാണ് ഏറ്റവും മെച്ചമായ ബൈബിൾ ഭാഷാന്തരം എന്ന കാര്യത്തിൽ ഒരു സംശയം ഉണ്ടായി. ആദ്യത്തെ മൂന്നുപേർ കാര്യകാരണസഹിതം അവരവർക്ക് തൃപ്തിയുള്ളത് ഏത് എന്ന് പറഞ്ഞിട്ടും ഒരാൾ മാത്രം ഒന്നും മിണ്ടാതെ ഇരുന്നു. എടോ തന്റെ ഇഷ്ടം ഏതാണ് എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് "എന്റെ അമ്മ ഭാഷാന്തരം ചെയ്ത ബൈബിൾ" എന്നായിരുന്നു. അത്ഭുതപരതന്ത്രരായ കൂട്ടുകാർ അത് ഏത് ഭാഷയിലെന്ന് തിരക്കി. "എന്റെ അമ്മ അവരുടെ ജീവിതത്തിലേക്കാണ് ബൈബിൾ പകർത്തി എഴുതിയത് . നിറകണ്ണുകളോടെ അമ്മയെ സ്മരിച്ച മകൻ പറഞ്ഞു. "അതിന്റെ നന്മയാണ് എന്റെ ജീവിതം" അദ്ദേഹം കൂട്ടിച്ചേർത്തു.

വേദപുസ്തകം ഏതുഭാഷയിൽ പരിഭാഷപ്പെടുത്തിയാലും, മനുഷ്യജീവിതത്തിൽ പ്രാവർത്തികമാകാത്തിടത്തോളം അത് നിർജ്ജീവമാണ്. എന്നാൽ വാഞ്ചയോടെ ദൈവവചനത്തെ സമീപിച്ചപ്പോൾ വചനം ജീവനുള്ളതാകുകയും രക്ഷയ്ക്ക് ഉതകുകയും ചെയ്യുന്നു. Read :യോഹ15:7,8 വാക്യങ്ങളിൽ നിന്നും വളരെ ഫലമുള്ളവരായി പിതാവ് മഹത്വപ്പെടുവാൻ എന്തു ചെയ്യണമെന്ന് വ്യക്തമാകുന്നു. വചനം വാഞ്ചിക്കുന്നവന്റെ മനസ്സിൽ വചനത്തിന് പ്രത്യേക ശക്തി ലഭിക്കുന്നു.

വചനത്തോട് വാഞ്ചയുള്ളവർ പോഷിപ്പിക്കപ്പെടും. മത്താ:(14:13)ൽ വചനത്തോടുള്ള വാഞ്ചയാണ് നിർജ്ജനസ്ഥലത്തേക്ക് പട്ടണങ്ങളിൽ നിന്ന് പുരുഷാരം എത്തിയത്.അതുകൊണ്ടാണ് അവർ പോഷിപ്പിക്കപ്പെട്ടത്. ലൂക്കോ :(5:1-3) ദൈവവചനം കേൾക്കാൻ വാഞ്ചയോടെ ഗന്നേസരത്ത് തടാകക്കരയിൽ വന്ന ജനത്തോട് വചനം പറയുവാൻ പത്രോസിന്റെ പടക് യേശു ചോദിച്ചു. കാരണം രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടാത്തവന്റെ നിരാശ മാറ്റുവാൻ വചനം വിളമ്പിയ ശേഷമാണ് യേശു തന്റെ നിർദ്ദേശം അവനെ അറിയിച്ചത്. (ലൂക്കോ:5:4)ഗുരുവിന്റെ വാക്കനുസരിച്ചത് വചനം ഉള്ളിലെത്തിയതിനാലാണ്. നിരാശക്കാരെ യേശു പോഷിപ്പിച്ചു.

വചനത്തെ സ്നേഹിക്കുന്നവർക്ക് സമാധാനമുണ്ട്. സമാധാനലബ്ദിക്കായി വചനം വാഞ്ചിക്കുക. സമാധാനം നമ്മെ സന്തോഷത്തിലേക്ക് നയിക്കുന്നു.അപ്പോ:പ്രവ:(8:4-8) വരെയുള്ള ഭാഗത്ത് വാഞ്ചയോടെ വചനം കേട്ട ഒരു പട്ടണത്തിന്റെ സന്തോഷം കാണുന്നു.

വാഞ്ചയോടെ വചനം ഉള്ളിൽ സ്വീകരിച്ചവർ ശത്രുവിന്റെ തന്ത്രങ്ങളെ പേടിക്കുന്നില്ല.

Read സങ്കീ 119:155, 157, 173. ഏലാതാഴ്‌വരയിൽ ദാവീദിനുണ്ടായ വിജയം ഇതിനുദാഹരണാണ് read 1 ശമു (17:19, 40-46) വചനം ഉള്ളിലുള്ളവരോട് ശത്രുവിന് കണ്ണുകടി ഉണ്ടാകുന്ന. Read 1 ശമു (18:9).

സംസ്കാരിക, ശാസ്ത്ര മണ്ഡലങ്ങളിൽ മാറ്റമുണ്ടായി. എന്നാൽ വചനം മാറ്റമില്ലാതെ നിലനിൽക്കുന്നു. വചന വിരുദ്ധമായ ആരാധനകൾ, കള്ള ഇടയന്മാരുടെ വാക്കുകൾ ഇവ എല്ലാം സൂക്ഷിച്ചൊഴിയുവാൻ വചനം വാഞ്ചയോടെ സ്വീകരിക്കുക, ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ കണ്ണ് കുരുടാക്കുന്നു. (2കൊരി :4:4) ഇരുൾ മാറി വെളിച്ചത്തിൽ നടപ്പാൻ ദൈവവചനം നമ്മെ സഹായിക്കുന്നു. അതിനായി വാഞ്ചനയോടെ വചനം ജീവിതത്തിൽ പകർന്ന് അനുഗ്രഹം പ്രാപിപ്പാൻ ദൈവം കൃപചെയ്യട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*
*Facebook: https://www.facebook.com/biblestudyind*